മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) അറിഞ്ഞു.

(ബി) അറിഞ്ഞു.

(സി) തുക്കം കൊടുത്തിട്ടില്ല.

കമ്മ്യൂണിസ്റ്റ് നേതാക്കളുടെ അറസ്റ്റ്

*൪൦൬. (൩൦) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) സുപ്രീം കോടതിയിലെ വിധിയനുസരിച്ച് ജയിലിൽനിന്നു വിട്ടയയ്ക്കപ്പെട്ട ശ്രീ. ടി. വി. തോമസ്, ആർ. സുഗതൻ, തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കളെ ഉടനടി അറസ്റ്റു ചെയ്യാൻ വല്ല പ്രത്യേക കാരണമുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതെന്താണ്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) നിരോധനാജ്ഞക്കെതിരായി കമ്മ്യൂണിസ്റ്റു കൺവെൻഷൻ കൂടിയതുകൊണ്ട് അറസ്റ്റു ചെയ്തു.

INTEGRATION OF SERVICES

*408. [65] **Sri. N. V. Chacko:** Will the hon. Chief Minister be pleased to state how long it would take approximately for the integration of services to be given effect to?

Chief Minister **(Sri. C. Kesavan):** It is expected that the integration will be completed before the close of the year 1951.

വെയിറ്റിംഗ് ഷെഡ്

*൪൦൯ (൩൩) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ചാത്തന്നൂർ ബസ് സ്റ്റാൻറിനു സമീപം യാത്രക്കാരുടെ സൌകര്യത്തെ പരിഗണിച്ച് ഒരു വെയിറ്റിംഗ് ഷെഡ് പണിയിക്കുന്നതിന് ഗവൺമെൻറിനു് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നത്തേക്കുള്ളിൽ വരുത്താമെന്നു് പ്രതീക്ഷിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) അടുത്ത ഭാവിയിൽ നടപ്പിൽ വരുത്തുന്നതാണു്.

T. B. CLINIC

*410. [72] **Sri. K. R. Elankath.** Will the hon. Minister for Medicine and Public Health be pleased to state.—

(*a*) whether representations were received from the public of Trivandrum, the City Corporation Council, and the Trivandrum District Congress Committee protesting against the then proposed location of the T. B. Clinic in the mint compound adjoining some thickly populated areas in the City and demanding that the same be located at a less populous place;

(*b*) whether the Government had informed the President of the Trivandrum D. C. C. that the Clinic would be shifted to another site within a reasonable time;

(c) if so, the date on which such a decision was taken; and

LIBRARY ARCHIVES Kerala Legislative Assembly